# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ**

(ഹാജർ : ശ്രീമതി റ്റി.വി അനുപമ.ഐ.എ.എസ്, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്)

വിഷയം : വനിതാ ശിശു വികസന വകുപ്പ്, ഐ.സി.പി.എസ് - കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസിലെ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷം ആവശ്യമായ തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : (1) 21/08/2020 -ലെ GO (Rt) No. 433/2020/SJD നമ്പർ സർക്കാർ ഉത്തരവ്.

(2) ഈ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ച 17/09/2020-ലെ ഇതേ നമ്പർ ഉത്തരവ്.

(3) കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് സൂപ്രണ്ടിന്റെ 18/03/2021-ലെ GCHGK/51/2021 നമ്പർ കത്ത്

## ഉത്തരവ് നമ്പർ : ICPS 2/1935/2020 തീയതി : 25/03/2021

വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസിലെ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷം 95,685/-രൂപ അനുവദിക്കണമെന്ന് പരാമർശം മൂന്ന് പ്രകാരം സ്ഥാപന സൂപ്രണ്ട് അപേക്ഷിച്ചിരിക്കുന്നു. തുക സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

| Tuition fees for LP and UP | | | | |
|---|---|---|---|---|
| നമ്പർ | മാസം | ഒരു കുട്ടിക്ക് ഒരു മാസം അനുവദിക്കുന്ന തുക | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
| 1 | നവംബർ | 800/-രൂപ | 12 | 9600 |
| 2 | ഡിസംബർ | 800/-രൂപ | 11 | 8800 |
| 3 | ജനുവരി (11 ദിവസം) | 800/-രൂപ | 10 | 2860 |
| 4 | ഫെബ്രുവരി | 800/-രൂപ | 12 | 9600 |
| | | ആകെ തുക | 30,860/-രൂപ | |
| Tuition fees for High School and Higher Secondary | | | | |
| നമ്പർ | മാസം | ഒരു കുട്ടിക്ക് ഒരു മാസം അനുവദിക്കുന്ന തുക | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
| 1 | നവംബർ | 1000/-രൂപ | 15 | 15000 |
| 2 | ഡിസംബർ | 1000/-രൂപ | 17 | 17000 |
| 3 | ജനുവരി (11 ദിവസം) | 1000/-രൂപ | 17 | 17000 |
| 4 | ഫെബ്രുവരി | 1000/-രൂപ | 15 | 15000 |
| | | ആകെ തുക | 64,000/-രൂപ | |

| Consolidated Statement | | |
|---|---|---|
| 1 | എൽ.പി, യു.പി ട്യൂഷൻ ഫീസ് | 30,860/-രൂപ |
| 2 | ഹൈസ്കൂൾ, ഹയർ സെക്കൻററി ട്യൂഷൻ ഫീസ് | 64,000/-രൂപ |
| 3 | കുട്ടികളുടെ പരീക്ഷാ ഫീസ് | 825/-രൂപ |
| | ആകെ തുക | 95,685/-രൂപ |
| | (തൊണ്ണൂറ്റി അഞ്ചായിരത്തി അറുനൂറ്റി എൺപത്തി അഞ്ച് രൂപ മാത്രം) | |

PTO

പരാമർശം ഒന്ന് സർക്കാർ ഉത്തരവ് പ്രകാരം വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഗവ ചിൽഡ്രൻസ് ഹോമുകൾക്ക് 2020-21 സാമ്പത്തിക വർഷം കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ആകെ 25,00,000/-രൂപ അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിരുന്നു. ഈ കാര്യാലയത്തിൽ നിന്നുള്ള പരാമർശം രണ്ട് ഉത്തരവ് പ്രകാരം 2020-2021 സാമ്പത്തിക വർഷം വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഗവ ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികളുടെ വിദ്യാഭ്യാസപരമായ ചെലവുകൾക്കായി (ട്യൂഷൻ/സ്പെഷ്യൽ ട്യൂഷൻ ഫീസ്, അഡ്മിഷൻ ഫീസ്, വിവിധ കോഴ്സ് ഫീസുകൾ, പഠനസാമഗ്രികൾ വാങ്ങുന്നതിന്, അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി) ആകെ 19,80,000/-രൂപ അനുവദിച്ചിരുന്നു. ആയതിൽ കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസിന് 1,20,000/-രൂപ അഡ്വാൻസായി അനുവദിച്ചിരുന്നു. നടപ്പു സാമ്പത്തിക വർഷം പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ഗവ ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ഭരണാനുമതി ലഭ്യമായ 25,00,000/-രൂപയിൽ 24,21,489/-രൂപ ചെലവഴിച്ചു. ടി ഇനത്തിൽ ബാക്കി 78,511/-രൂപ ബാക്കി നിൽപ്പുണ്ട്. ടി തുക കണ്ണൂർ ഗേൾസ് ഹോമിന് അനുവദിക്കാവുന്നതാണ്.

ടി സാഹചര്യത്തിൽ സൂപ്രണ്ടിന്റെ അപേക്ഷ പരിഗണിച്ച് കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസിലെ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി പരാമർശം ഒന്ന് സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭ്യമായ 25,00,000/-രൂപയിൽ വിവിധ ഗവ ചിൽഡ്രൻസ് ഹോമുകൾക്ക് വിദ്യാഭ്യാസ ഇനത്തിൽ അനുവദിച്ചതിൽ ബാക്കിയുള്ള 78,511/-രൂപ (എഴുപത്തി എട്ടായിരത്തി അഞ്ഞൂറ്റി പതിനൊന്ന് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക (78,511/-രൂപ) നടപ്പു സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ് ശീർഷകമായ 2235-02-102-36 (P) 02-യിൽ നിന്നും കണ്ണൂർ ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് അലോട്ട്മെൻറ് ആയി അനുവദിക്കേണ്ടതാണ്. ജില്ലാ വനിതാ ശിശു വികസന ഓഫീസർ ടി തുക കണ്ണൂർ തലശ്ശേരി ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് സൂപ്രണ്ടിന് അലോട്ട്മെൻറ് ആയി നൽകേണ്ടതാണ്. സ്ഥാപന സൂപ്രണ്ട് പ്രസ്തുത തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ്, കൈപറ്റ് രസീത് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

ഡയറക്ടർ

വനിതാ ശിശു വികസന വകുപ്പ്

ആൻഡ് മെമ്പർ സെക്രട്ടറി

(എസ്.സി.പി.എസ്)

- വനിതാ ശിശു വികസന ഓഫീസർ, കണ്ണൂർ

<u>പകർപ്പ്</u>

1) സൂപ്രണ്ട്, ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ് തലശ്ശേരി, കണ്ണൂർ
2) സൂപ്രണ്ട്, അലോട്ട്മെൻറ് സെക്ഷൻ
3) ഐ.സി.പി.എസ്-4
4) സ്റ്റോക്ക് ഫയൽ
5) സ്പെയർ കോപ്പി
6) വെബ് സൈറ്റ്

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM 12
KERALA CHILD DEVELOPMENT DEPARTMENT